**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 413** **01-11-2021 - ൽ മറുപടിയ്ക്ക്**

**കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എംപ്ലോയബിലിറ്റി സെന്ററുകളും, സ്വയം തൊഴിൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. കൂടാതെ ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകളും പ്രവർത്തിക്കുന്നു. വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ മുഖേന ജോബ് ഫെസ്റ്റുകളും സംഘടിപ്പിക്കുന്നു. സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന ഉരുത്തിരിയുന്ന തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ ഉദ്യോഗാർത്ഥികളെ സഹായിക്കുന്ന നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇത്തരത്തിൽ KASE നടപ്പിലാക്കി വരുന്ന നൈപുണ്യ വികസന പദ്ധതികളാണ് മികവിന്റെ കേന്ദ്രങ്ങളും അക്രഡിറ്റഡ് കോഴ്സുകളും, കൗശൽ കേന്ദ്രകൾ, പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY). |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കീഴിൽ തൊഴിൽ മേഖല കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ തൃശ്ശൂർ, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. കൂടാതെ ഏഴ് കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. സ്വയം തൊഴിൽ പദ്ധതികളായ ശരണ്യ പദ്ധതി പ്രകാരം 16582 പേർക്ക് 81,80,55,020/- രൂപ വായ്പ അനുവദിക്കുകയും, കെസ്റ്റു പദ്ധതി പ്രകാരം 3147 പേർക്ക് 5,71,69,110/- രൂപയും, മൾട്ടിപർപ്പസ് ജോബ് ക്ലബ് പദ്ധതിപ്രകാരം 311 സംരംഭങ്ങൾക്ക് |

4,83,95,554/- രൂപ സബ്സിഡിയായി അനുവദിക്കുകയും, മുതിർന്ന പൗരന്മാർക്കായി ആരംഭിച്ച നവജീവൻ പദ്ധതി പ്രകാരം 72 പേർക്ക് 10,93,645 രൂപ വായ്പയായും അനുവദിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി കൈവല്യ സ്വയം തൊഴിൽ പദ്ധതിയും ആരംഭിച്ചു. ഐടിഐകൾ മുഖേന നടത്തിയ തൊഴിൽ മേളകളിലൂടെ 14420 പേർക്ക് തൊഴിൽ നേടാനായി. ഓരോ ഐടിഐ ക്യാമ്പസിലും പ്രവർത്തിക്കുന്ന പ്ലേസ്മെന്റ് സെൽ വഴി 23,754 കുട്ടികൾക്ക് തൊഴിൽ ലഭിക്കുകയുണ്ടായി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 10 ഐടിഐകൾ ഇന്റർ നാഷണൽ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പിന്നോക്ക മേഖലകളിലുൾപ്പെടെ പുതിയ 22 ഐടിഐകൾ ആരംഭിക്കുകയുണ്ടായി. നിലവിലുള്ള ഐടിഐകളിൽ ആധുനിക ട്രേഡുകളും നൂതന കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. കാലാവധി പൂർത്തിയായ 49 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും 6 തൊഴിൽ മേഖലകളിൽ പുതിയതായി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 12 വ്യവസായബന്ധ സമിതികളും ഒരു വ്യവസായബന്ധ ബോർഡും പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ തൊഴിൽ മേഖലയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അനുരഞ്ജന യോഗങ്ങൾ ചേർന്ന് തൊഴിലാളികളുടെയും തൊഴിലുടമകളുടെയും പരസ്പരസഹകരണത്തോടുകൂടി പ്രശ്നങ്ങൾ തീർപ്പാക്കാൻ ആവശ്യമായ ശ്രമങ്ങൾ നടത്തി വരുന്നു. തൊഴിൽ വകുപ്പ് ഓൺലൈനായി നൽകിവരുന്ന എല്ലാ സേവനങ്ങളും Labour Commissioner Automated System (LCAS) എന്ന വെബ്പോർട്ടലിലൂടെ ലഭ്യമാക്കിവരുന്നു. തൊഴിലാളികൾക്ക് അവരുടെ വേതനം അവരവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നതിനായി Wage Protection System (WPS) എന്നത് നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത് നോക്കുകൂലി നിരോധിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെയും ലഭിക്കാനുള്ള സേവനങ്ങളെയും സംബന്ധിച്ച് അറിവ് നൽകുന്നതിനും തൊഴിലാളികളുടെ കുടിശ്ശിക, വേതനം സംബന്ധിച്ച പരാതികളിലും, അവരുടെ യാത്ര തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ

| | | | |
|---|---|---|---|
| | | | നൽകുന്നതിന് സംസ്ഥാനത്ത് 9 ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചു. സംസ്ഥാനത്ത് തൊഴിലാളികൾക്ക് തൊഴിൽ സംബന്ധമായ പരാതി നേരിട്ട് നൽകുന്നതിന് ലേബർ കമ്മീഷണറേറ്റിൽ കോൾ സെന്റർ പ്രവർത്തിച്ചുവരുന്നു. |
| (സി) | സംസ്ഥാനത്തെ തൊഴിൽ രംഗം സജീവമാക്കുന്നതിനും അഴിമതിയടക്കമുള്ള പ്രവണതകളിൽ നിന്ന് വിമുക്തമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് തൊഴിൽ രംഗം സജീവമാക്കുന്നതിനായി പിന്നാക്ക മേഖലകളിലുൾപ്പെടെ പുതിയ ഐടിഐകൾ ആരംഭിക്കുകയുണ്ടായി. നിലവിലുള്ള ഐടിഐകളിൽ ആധുനിക ട്രേഡുകളും നൂതന കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. തൊഴിൽ വകുപ്പ് ഓൺലൈനായി നൽകിവരുന്ന എല്ലാ സേവനങ്ങളും Labour Commissioner Automated System (LCAS) എന്ന വെബ്പോർട്ടലിലൂടെ ലഭ്യമാക്കി വരുന്നു. തൊഴിലാളികൾക്ക് അവരുടെ വേതനം അവരവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നതിനായി നിലവിൽ വന്ന Wage Protection System (WPS) ഊർജിതമായി നടപ്പാക്കി വരുന്നു. അന്യസംസ്ഥാന തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെയും ലഭിക്കാനുള്ള സേവനങ്ങളെയും സംബന്ധിച്ച് അറിവ് നൽകുന്നതിനും, തൊഴിലാളികളുടെ കുടിശ്ശിക വേതനം സംബന്ധിച്ച പരാതികളിലും അവരുടെ യാത്ര തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് ആരംഭിച്ച ഫെസിലിറ്റേഷൻ സെന്ററുകൾ കാര്യക്ഷമമായി നടപ്പാക്കി വരുന്നു. ചുമട്ടു തൊഴിൽ മേഖലയിലെ അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ തൊഴിലാളി യൂണിയനുകളുടെ യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിലാളികൾക്ക് തൊഴിൽ സംബന്ധമായ പരാതി നേരിട്ട് നൽകുന്നതിന് ലേബർ കമ്മീഷണറേറ്റിൽ കോൾ സെന്റർ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. |
| (ഡി) | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ ഉൾപ്പെടെ തൊഴിൽ വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ സേവനങ്ങൾ ജനോപകാരപ്രദവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഡി) | എംപ്ലോയ്മെന്റ് വകുപ്പിന്റെ സേവനങ്ങൾ സുതാര്യവും, ജനോപകാരപ്രദവും കാര്യക്ഷമവുമാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് നൽകുന്ന പ്രത്യക്ഷ സേവനങ്ങൾ തൊഴിലന്വേഷകർക്ക് എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാകുന്ന രീതിയിൽ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് |

| | | | | |
|---|---|---|---|---|
| | | | | (www.eemployment.keralal.gov.in) എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. പിന്നോക്ക മേഖലയിലുൾപ്പെടെ പുതിയ ഐടിഐകൾ ആരംഭിക്കുകയുണ്ടായി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 10 ഐടിഐകൾ ഇന്റർനാഷണൽ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഐടിഐ പ്രവേശനം കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവും ആക്കുന്നതിനുവേണ്ടി ഓൺലൈൻ സംവിധാനം നടപ്പിലാക്കി യിട്ടുണ്ട്. വകുപ്പ് തനതായി വികസിപ്പിച്ച ഇ-ലേണിംഗ് പ്ലാറ്റ്ഫോം ആയ SMILE പൂർത്തിയായി വരുന്നു. എല്ലാ വർഷവും ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന ജോബ് ഫെയർ വഴിയും എല്ലാ ഐടിഐ ക്യാമ്പസുകളിലും പ്രവർത്തിച്ചു വരുന്ന പ്ലേസ്മെന്റ് സെൽ വഴിയും സ്വദേശത്തും വിദേശത്തും ഉള്ള ധാരാളം കമ്പനികളിൽ തൊഴിൽ കണ്ടെത്തുവാൻ ട്രേഡ് പാസ്സായ കുട്ടികൾക്ക് അവസരം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ